പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.3671 | 14.03.2017 ൽ മറുപടി നല്കേണ്ടത്. |
|---|---|

**ഐരാണിമുട്ടം സാമൂഹിക ആരോഗ്യകേന്ദ്രത്തിന്റെ പ്രവർത്തനം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ഒ. രാജഗോപാൽ** | | ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | ഐരാണിമുട്ടം സാമൂഹിക ആരോഗ്യ കേന്ദ്രത്തിലെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടും ആയത് പ്രവർത്തനമാരംഭിക്കുന്നതിന് നിലവിലുള്ള തടസ്സമെന്താണ്; പുതിയ കെട്ടിടത്തിൽ ഐ.പി. വിഭാഗം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | എ) | ഐരാണിമുട്ടം സി.എച്ച്.സിയിൽ പി.ഡബ്ള്യൂ.ഡി പണി പൂർത്തിയാക്കിയ കെട്ടിടം തുറന്നു പ്രവർത്തിക്കുന്നതിന് ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ നിന്നും അനുമതി നൽകിയിട്ടുണ്ട്. നിലവിലുള്ള സ്റ്റാഫിനെ കൂടാതെ അധിക തസ്തികകൾ സൃഷ്ടിച്ചാൽമാത്രമേ പുതിയ ബിൽഡിംഗിൽ പൂർണ്ണമായി ഐ.പി സംവിധാനം ആരംഭിക്കാൻ കഴിയുകയുള്ളൂ. |
| ബി) | നിലവിലുള്ള ഒ.പി.വിഭാഗം പൂർണ്ണമായി പ്രവർത്തിപ്പിക്കുന്നതിനായി ഡോക്ടർമാരുടേയും ജീവനക്കാരുടേയും കുറവ് പരിഹരിക്കുന്നതിന്അടിയന്തര നടപടി സ്വീകരിക്കുമോ? | ബി) | നിലവിൽ ഐരാണിമുട്ടം സി.എച്ച്.സിയിൽ 3 ഡോക്ടർമാരാണുള്ളത്. ടി സ്ഥാപനത്തിലെ ഒരു മാസത്തെ ആവറേജ് ഒ.പി. 4849 ഉം ഐ.പി 12 ഉം ആണ്. നിലവിലുള്ള ജീവനക്കാരെ ഉപയോഗിച്ച് ഒ.പി. പ്രവർത്തനം മുടക്കം കൂടാതെ നടന്നുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ